**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 944** **29-08-2022 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം മരവിപ്പിച്ചിട്ടുണ്ടോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് മരവിപ്പിച്ചിട്ടില്ല. എന്നാൽ 11/01/2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗ തീരുമാനം 64-ൽ അപാകത ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് GO(MS)No.57/2021 തീയതി 12/02/2021 ലെ അനോമലികൾ പരിഹരിച്ച് ബോർഡ് നേരിട്ട് ഉത്തരവ് പുറപ്പെടുവിച്ചതിലെ അനൗചിത്യവും നിയമപ്രശ്നവും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം 13/07/2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗം ചർച്ച ചെയ്ത തീരുമാനം 1 (4) പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദ ചെയ്ത അനോമലി പരിഹരിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചു.ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ശമ്പള പരിഷ്ക്കരണം എപ്പോഴാണ് മരവിപ്പിച്ചതെന്നും മരവിപ്പിക്കലിനുള്ള കാരണമെന്താണെന്നും ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് മരവിപ്പിച്ചിട്ടില്ല. എന്നാൽ 11/01/2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗ തീരുമാനം 64-ൽ അപാകത ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് GO(MS)No.57/2021 തീയതി 12/02/2021 ലെ അനോമലികൾ പരിഹരിച്ച് ബോർഡ് നേരിട്ട് ഉത്തരവ് പുറപ്പെടുവിച്ചതിലെ അനൗചിത്യവും നിയമപ്രശ്നവും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം 13/07/2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗം ചർച്ച ചെയ്ത |

| | | | |
|---|---|---|---|
| | | | തീരുമാനം 1 (4) പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് അനോമലി പരിഹരിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചു.ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പുതിയ ശമ്പള നിരക്ക് പ്രാബല്യത്തിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (സി) | GO(MS)No.57/2021 തീയതി 12/02/2021 പ്രകാരമാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01/01/2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളത്. |
| (ഡി) | സർക്കാർ ഉത്തരവിലെ അനോമലികൾ പരിഹരിച്ചുകൊണ്ട് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ഡി) | പുറപ്പെടുവിച്ചിരുന്നു . |
| (ഇ) | എങ്കിൽ എപ്പോഴാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും കമ്മീഷൻ പരിഹരിച്ച സർക്കാർ ഉത്തരവിലെ അനോമലികൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ഇ) | ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മലബാർ ദേവസ്വം ബോർഡിൽ രൂപീകരിച്ച അനോമലി പരിഹാര സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചും, ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും 11/01/2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗം 64-ാം നമ്പറായി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 19/01/2022-ന് J4/4063/2018/MDB നമ്പറായി കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരിഷ്കരിച്ച ശമ്പള സ്കെയിലുകളിലും, സമയബന്ധിത ഹയർഗ്രേഡ് സ്കെയിലുകളിലും ഫിക്സേഷൻ ചട്ടങ്ങളിലുമാണ് അനോമലികൾ പ്രധാനമായും അനോമലി പരിഹാര സമിതി കണ്ടെത്തിയത് . |
| (എഫ്) | കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് മരവിപ്പിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; 13 വർഷത്തെ കാത്തിരിപ്പിന് ശേഷം പ്രഖ്യാപിച്ച ശമ്പള പരിഷ്കരണം മരവിപ്പിച്ച നടപടി ക്ഷേത്രജീവനക്കാരിൽ അമർഷം ഉളവാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 11/01/2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗ തീരുമാനം 64-ൽ അപാകത ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് GO(MS)No.57/2021 തീയതി 12/02/2021 ലെ അനോമലികൾ ബോർഡ് നേരിട്ട് പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിലെ അനൗചിത്യവും നിയമപ്രശ്നവും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയം 13/07/2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗം ചർച്ച ചെയ്ത് തീരുമാനം 1 (4) പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദ് |

| | | | |
|---|---|---|---|
| | | | ചെയ്ത അനോമലി പരിഹരിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചത് . |

സെക്ഷൻ ഓഫീസർ